മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം – 686 560
ഫോൺ: 0481 – 2733298

2022 ഫെബ്രുവരി 14

# വാർത്താക്കുറിപ്പ്

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സീനിയർ സോഫ്റ്റ് വെയർ ഡവലപ്പർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നു. കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ അംഗീകൃത എഞ്ചിനിയറിംഗ് ബിരുദമുള്ളവരെയാണ് പരിഗണിക്കുക. അറുപത് ശതമാനം മാർക്കോടെ എം.സി.എ അല്ലെങ്കിൽ എം.എസ് സി കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ളവരെയും പരിഗണിക്കും. കൂടാതെ ഐ.ടി മേഖലയിലോ, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലോ സർവ്വകലാശാലകളിലോ പൈത്തൺ, ആൻഗുലാർ ജെ.എസ് , പി.എച്ച്.പി, ജാവാ, ആൻഡ്രോയ്ഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. ആർ.എച്ച്.സി.ഇ. സർട്ടിഫിക്കേഷൻ, എസ്.സി. ജെ.പി. യോഗ്യതകളും സർവ്വകലാശാലകളിലെ പ്രവൃത്തി പരിചയവും അഭികാമ്യം. ആകെ നാല് ഒഴിവുകളാണുള്ളത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 30,000 രൂപ നിരക്കിൽ പ്രതിഫലം ലഭിക്കും. താത്പര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത കോപ്പിസഹിതമുള്ള അപേക്ഷയും
ബയോ ഡാറ്റയും notificationada4@mgu.ac.in എന്ന ഇ–മെയിൽ വിലാസത്തിൽ ഫെബ്രുവരി 23 നകം സമർപ്പിക്കണം. അപേക്ഷയുടെ ഒരു സെറ്റ് രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവ്വകലാശാല, പി.ഡി. ഹിൽസ് പി . ഓ, കോട്ടയം – 686560 എന്ന വിലാസത്തിൽ തപാൽ മുഖേനയും അയക്കണം. വിജ്ഞാപനത്തിനും കൂടുതൽ വിശദാംശങ്ങൾക്കും www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/166/2022)

## ഇൻ്റർവ്യൂ 17 ന്

മഹാത്മാഗാന്ധി സർവ്വകലാശാല – സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻ്റ് സ്പോർട്ട് സ് സയൻസസ് നടപ്പാക്കുന്ന എം.പി.ഇ.എസ് പദ്ധതിക്ക് കീഴിൽ ക്ലാസ്സെടുക്കുന്നതിന് ഒരു ഗസ്റ്റ് അധ്യാപികയെ നിയമിക്കുന്നു. ഇതിലേയ്ക്കുള്ള വോക്ക് – ഇൻ ഇൻ്റർവ്യൂ ഫെബ്രുവരി 17 ന് രാവിലെ 11ന് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻ്റ് സ്പോർട്സ് സയൻസസിൽ നടക്കും. ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദവും യു.ജി.സി. യോഗ്യതയുമുള്ളവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/167/2022)

## ഇൻഫർമേഷൻ ബുക്ക് കൈപ്പറ്റണം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ – 2022 ലെ ഇൻഫർമേഷൻ ബുക്ക് അഫിലിയേറ്റഡ് കോളേജധികൃതർ പ്രിൻസിപ്പലിൻ്റെ കത്തുമായി വന്ന് സർവ്വകലാശാലാ ആസ്ഥാനത്തെ ജനറൽ സ്റ്റോറിൽ നിന്ന് കൈപ്പറ്റണമെന്ന് രജിസ്ട്രാർ അറിയിച്ചു.

## പരീക്ഷാ ഫലം

2020 നവംബറിൽ നടന്ന എം.എസ്.സി മോളിക്കുലാർ ബയോളജി ആൻഡ് ജനറ്റിക് എഞ്ചിനീയറിംഗ് (സി എസ് എസ് ) രണ്ടാം സെമസ്റ്റർ റെഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഫെബ്രുവരി 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/169/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ